**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഖരമാലിന്യ പരിപാലന സംവിധാനം ഏർപ്പെടുത്തുന്നതിന് നിലവിലുള്ള 12 സേവനദാതാക്കളുടെ അംഗീകാരം പുതുക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

## തദ്ദേശ സ്വയംഭരണ (ഡിസി) വകുപ്പ്

സ.ഉ(സാധ) നമ്പർ 3201/2013/തസ്വഭവ        തീയതി, തിരുവനന്തപുരം 28.12.2013.

==========================================================================

<u>പരാമർശം</u>:- 1) സ.ഉ.(സാധ)നം.2674/10/തസ്വഭവ തീയതി 11.8.2010
2) സ.ഉ.(സാധ)നം.1491/11/തസ്വഭവ തീയതി 22.6.2011
3) സ.ഉ.(സാധ)നം.157/12/തസ്വഭവ തീയതി 16.1.2012
4) ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 9/10/2013ലെ 191 /C2/2008/SM നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഖരമാലിന്യ പരിപാലന സംവിധാനം ഏർപ്പെടുത്തുന്നതിനു വേണ്ടി സേവനം നൽകുന്നതിലേക്ക് വിവിധ ഏജൻസികളെ സേവനദാതാക്കളായി നിശ്ചയിച്ച് പരാമർശം (1),(2),(3) എന്നിവ പ്രകാരം സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. ഇതിൽ പരാമർശം (2) പ്രകാരം 23 ഏജൻസികളെ 11.8.2010 മുതൽ 10.8.2013 വരെ 3 വർഷം സേവനകാലാവധി നിശ്ചയിച്ച് സേവനദാതാക്കളായി, അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

10.8.2013ൽ 23 ഏജൻസികളുടേയും സേവനകാലാവധി അവസാനിച്ചിരിക്കുകയാണ്. സേവനദാതാക്കളുടെ യോഗ്യതാ പുനർനിർണ്ണയത്തിന് ശുചിത്വമിഷൻ ആവശ്യപ്പെട്ട വിവരങ്ങൾ, മാനദണ്ഡങ്ങൾ പാലിച്ച് നിശ്ചിത സമയത്തിനകം നൽകി തൃപ്തികരമായ സേവനം നൽകിയ പൂർണ്ണ അർഹതയുള്ള അനുബന്ധം Iലെ പട്ടികയിലുള്ള 10 സേവനദാതാക്കളുടെയും നിശ്ചിത സമയത്തിനകം അപേക്ഷ സമർപ്പിച്ചിട്ടില്ലായെങ്കിലും മാനദണ്ഡങ്ങൾ പാലിച്ച് തൃപ്തികരമായി സേവനം നടത്തുന്ന അനുബന്ധം IIലെ പട്ടികയിലെ 2 സേവനദാതാക്കളുടെയും കാലാവധി 10.8.2013 മുതൽ രണ്ട് വർഷത്തേക്ക് പുതുക്കി നൽകണമെന്ന് പരാമർശം (4)ലെ കത്തു പ്രകാരം ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെയടിസ്ഥാനത്തിൽ പരാമർശം (2)ലെ ഉത്തരവു പ്രകാരം അംഗീകാരം നൽകിയ 23 സേവനദാതാക്കളിൽ ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്ന പട്ടിക Iലെ 10 ഏജൻസികളുടെയും, നിബന്ധനകൾ പൂർണ്ണമായും പാലിച്ചില്ലായെങ്കിൽ അടുത്തതവണ സേവനകാലാവധി ദീർഘിപ്പിച്ച് നൽകുന്നതല്ല എന്ന വ്യവസ്ഥയോടെ പട്ടിക IIലെ 2 ഏജൻസികളെയും ചേർത്ത് മൊത്തം 12 ഏജൻസികളുടെ അംഗീകാരം, 100 രൂപ മുദ്രപത്രത്തിൽ സമ്മതപത്രം വാങ്ങി 10.8.2013 മുതൽ രണ്ടു വർഷത്തേക്കു കൂടി പുതുക്കി നൽകുവാനും, ബാക്കിയുള്ള 11 പേരുടെ സേവനം 10/8/2013 മുതൽ അവസാനിപ്പിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം

ജെയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന വകുപ്പ് കമ്മീഷണർ, തിരുവനന്തപുരം.

എല്ലാ മുനിസിപ്പൽ ചെയർപെഴ്സൻമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും/സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖേന)

എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E)/(LBA&A), (Audit),കേരളം, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

പകർപ്പ്: നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രിയുടെ പി.എസ്.
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ANNEXURE – I

| ക്രമ നം. | ഏജൻസിയുടെ പേര് | സർവ്വീസ് മേഖല |
|---|---|---|
| 1. | **കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്,**<br>രജിസ്റ്റേർഡ് ഓഫീസ് കിസാൻ ജ്യോതി,<br>ഫോർട്ട്, തിരുവനന്തപുരം – 695 023<br>ഫോൺ: 0471–2471343, 2471344, 2471345. | സ്ഥാപന തലത്തിലും, സമൂഹ തലത്തിലുമുള്ള വെർമി കമ്പോസ്റ്റിംഗ്, വിൻഡ്രോ കമ്പോസ്റ്റിംഗ്, ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം |
| 2. | **കോർ ഫൗണ്ടേഷൻ (കോർഡിനേഷൻ ഫോർ റൂറൽ ഡെവലപ്മെന്റ് ആന്റ് ടെക്നോളജി ഫൗണ്ടേഷൻ),**<br>പി. ബി നം. 28, അടൂർ പി.ഒ,<br>പത്തനംതിട്ട – 691 523 | സ്ഥാപന തലത്തിലും, സമൂഹ തലത്തിലുമുള്ള വെർമി കമ്പോസ്റ്റിംഗ്, ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം |
| 3. | **ടെക്നോ ഗ്രൂപ്പ്,**<br>വേസ്റ്റ് മാനേജ്മെന്റ് ആന്റ് എഞ്ചിനീയറിംഗ് കൺസൾട്ടൻസ്, കല്യാൺ അപ്പാർട്ട്മെന്റ്സ്,<br>പാലസ് റോഡ്, ആലുവ – 683 101. | സ്ഥാപന തലത്തിലും, സമൂഹ തലത്തിലുമുള്ള (വേസ്റ്റ് പ്രോ മെഷീൻ കൂടാതെയുള്ള) കമ്പോസ്റ്റിംഗ് പ്ലാന്റ് നിർമ്മാണം. |
| 4. | **ദീപം ബയോഗ്യാസ് ഏജൻസി,**<br>അരുൺ ഭവൻ, നീറില്ലപാരാപ്പൂർ,<br>കാടാമ്പുഴ , മലപ്പുറം – 676 553<br>ഫോൺ: 0494 –2618477, 9847243783, 9447638847. | സ്ഥാപന തലത്തിലും, ഗാർഹിക തലത്തിലും സമൂഹ തലത്തിലുമുള്ള ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണം |
| 5. | **ഹൈടെക് ബയോഫെർട്ടിലൈസേഴ്സ് ഇന്ത്യ,**<br>34/1841–എ1, ഇടപ്പള്ളി,<br>എറണാകുളം – 682 024<br>ഫോൺ: 2533361, 9447033360 | വീടുകളിലും, ഫ്ളാറ്റുകളിലുമുള്ള കമ്പോസ്റ്റിംഗ് പ്ലാന്റുകളുടെ നിർമ്മാണം |
| 6. | **റാം ബയോളജിക്കൽസ്,**<br>1/3442–ഇ, ഐശ്വര്യ മാൻഷൻ ബിൽഡിംഗ്,<br>ഫസ്റ്റ് ഫ്ളോർ, വെസ്റ്റ് ഹിൽ പി.ഒ,<br>കോഴിക്കോട് – 673005<br>ഫോൺ: 0495–2380333, 3296858, 9446048233 | സമൂഹ തലത്തിലുള്ള കമ്പോസ്റ്റ് പ്ലാന്റുകളുടെയും ഗാർഹിക തലത്തിലും, സ്ഥാപന തലത്തിലുമുള്ള ബയോഗ്യാസ് പ്ലാന്റുകളുടെയും നിർമ്മാണം |

| | | |
|---|---|---|
| 7. | രാജഗിരി ഔട്ട് റിച്ച് സർവ്വീസ് **സൊസൈറ്റി,** രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, രാജഗിരി. പി.ഒ, കളമശ്ശേരി, എറണാകുളം – 683 104 ഫോൺ : 91484 2911330-332, 2550785 | സ്ഥാപന തലത്തിലും, സമൂഹ ലുമുള്ള വെർമി കമ്പോസ്റ്റിംഗ്, ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം |
| 8. | **റീജിയണൽ ആഗ്രോ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ഓഫ് കേരള ലിമിറ്റഡ്** എസ്.പി.സി.എ. റോഡ്, പി.ബി. നം. 407, കണ്ണൂർ 670 002 ഫോൺ : 0497 -2700875, 2700276, 2700192 | വീടുകളിലും സമൂഹ തലത്തിലുമുള്ള ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം |
| 9. | **ജയൻ ആന്റ് കമ്പനി,** പട്ടണക്കാട് പി.ഒ, ചേർത്തല. ആലപ്പുഴ – 688 531 ഫോൺ : 0478 2593839 | വീടുകളിലുള്ള ബയോഗ്യാസ് പ്ലാന്റുക ളുടെ നിർമ്മാണം |
| 10. | **ബയോഗ്യാസ് ടെക് ചാരിറ്റബിൾ സൊസൈറ്റി,** ഫസ്റ്റ് ഫ്ളോർ റൂം നമ്പർ 42, റവന്യൂ ടവർ, അടൂർ – 691 523 | ഗാർഹിക തലത്തിലും, സ്ഥാപന തല ത്തിലുമുള്ള ബയോഗ്യാസ് പ്ലാന്റും ഗാർഹിക തലത്തിലുള്ള വെർമി കമ്പോ സ്റ്റിംഗ് പ്ലാന്റും |

ANNEXURE – II

| ക്രമ നം. | ഏജൻസിയുടെ പേര് | സർവ്വീസ് മേഖല |
|---|---|---|
| 1 | **ബയോടെക്,**<br>പി.ബി. നം. 520, എം.പി. അപ്പൻ റോഡ്, വഴുതക്കാട്, തൈക്കാട് പി.ഒ, തിരുവനന്തപുരം - 695 014<br>ഫോൺ : 0471 2321909 | വീടുകളിലും, സ്ഥാപനങ്ങളിലും, സമൂഹ തലത്തിലുമുള്ള ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണം |
| 2 | **സോഷ്യൽ ആന്റ് എൻവിറോൺമെന്റ് എഡ്യൂക്കേഷണൽ സൊസൈറ്റി,**<br>എൻ.എച്ച്. റോഡ്, കരമന ജംഗ്ഷൻ, തിരുവനന്തപുരം 695 002<br>ഫോൺ: 0471 240765 | ഗാർഹിക തലത്തിലും, സ്ഥാപന തലത്തിലുമുള്ള ബയോഗ്യാസ് പ്ലാന്റ്. |